മെട്രോ വാർത്ത
02-07-2018

# കടൽപായലിൽ നിന്ന് ഔഷധം: സിഎംഎഫ്ആർഐ ശാസ്ത്രജ്ഞനു പുരസ്കാരം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) സീനിയർ സയന്റിസ്റ്റും നാഷണൽ അക്കാഡമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് ഫെല്ലോയുമായ ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) റാഫി അഹ്മദ് കിദ്വായ് പുരസ്കാരം. കടൽ പായലിൽ നിന്നു പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധോത്പന്നങ്ങൾ വികസിപ്പിച്ച തടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. അഞ്ചു ലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. ഐസിഎആറിന്റെ സ്ഥാപകദിനമായ ജൂലൈ 16ന് ഡൽഹിയിൽ വെച്ച് നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പുരസ്കാരം നൽകും.